**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **05-10-2021 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ മേഖല കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | കയർമേഖലയുടെ നവീകരണത്തിനായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു. ഉൽപ്പന്നമേഖലയിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, 2020-2021 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഇതിനകം സ്ഥാപിക്കുകയും 100 സംഘങ്ങളിൽ കൂടി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുകയും ചെയ്തിട്ടുണ്ട് കൂടാതെ 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ് . |
| (ബി) | എല്ലാ കയർ തൊഴിലാളികൾക്കും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം വരുമാനം ഉറപ്പാക്കൽ എന്ന രീതിയിൽ സർക്കാർ വഹിച്ചുവരുന്നുണ്ട്. പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്ന-വരുടേയും മിനിമം കൂലി 01.01.2019 മുതൽ പ്രതിദിനം 300 രൂപയിൽ നിന്നും 350/- |

| | | | |
|---|---|---|---|
| | | | രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് . ഇവർക്ക് 110/- രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കയർഫെഡ് വിൽപ്പന നടത്തി വരുന്നു. അതുവഴി സംഘങ്ങൾ ഉത്പ്പാദിപ്പിക്കുന്ന കയറിന് പൂർണമായും വിപണി കണ്ടെത്തുന്നതിനും കയർ സഹകരണ സംഘങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുന്നതിനും സാധിച്ചുവരുന്നുണ്ട് . 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380/- രൂപയായിരുന്നത് 2020-21 ൽ കയർ ഉൽപ്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേക്ക് ഉയർന്നിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ